

സാഹോദര്യവും കൂറുപുലർത്തലും

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

قال عبد اللطيف بن عبد الرحمن بن حسن رحمه الله:
"وعادَةُ الإخوان يَتفقّد بعضهم بعضًا، لاسيّما أوقات الفتن التي تموج، وعند الحوادث التي هي على الأكثر تروج."

അബ്ദുല്ലത്വീഫ് ബിൻ അബ്ദിറഹ്മാൻ ബിൻ ഹസൻ رحمه الله പറയുന്നു: “പരസ്പരം അന്വേഷിക്കുക എന്നതാണ് സഹോദരങ്ങളുടെ പതിവ്. പ്രത്യേകിച്ചും, അലയടിക്കുന്ന ഫിത്നകളുടെ സമയങ്ങളിലും, അധികമാളുകളുടെയടുക്കൽ ചെലവാകുന്ന അപനിർമ്മിതികളുടെ സന്ദർഭങ്ങളിലും.”

قلت: من مظاهر الوفاء أن يتفقد الأخوة بعضهم البعض في أوقات الشدة والرخاء على حد سواء. والوفاء هو جوهر الأخوة في الله ونبضها، وهو خُلُق عظيم، ورزق إلهي، وعطاء من الله تعالى للعبد.

ശൈഖ് അൻജരി حفظه الله പറയുന്നു: സമൃദ്ധിയുടെയും ഞെരുക്കത്തിന്റെയും സമയങ്ങളിൽ ഒരുപോലെ സഹോദരങ്ങൾ പരസ്പരം

അന്വേഷിക്കുന്നത് കുറുപുലർത്തലിന്റെ അടയാളങ്ങളിൽ പെട്ടതാണ്. സാഹോദര്യത്തിന്റെ അന്തഃസാരവും പ്രഭവകേന്ദ്രവുമാണ് കുറ്. അതി-മഹത്തായ സ്വഭാവഗുണമാണത്. അല്ലാഹുവിൽ നിന്നുള്ള വിഭവവും, അടിയന് അവൻ നൽകുന്ന ദാനവുമാണത്.

قال رسول الله ﷺ: "إنَّ اللهَ قسَّم بينكم أخلاقَكم كما قسَّم بينكم أرزاقَكم، وإنَّ اللهَ يُعطي الدنيا من يُحبُّ ومن لا يُحبُّ، ولا يُعطي الإيمانَ إلا مَن أحبَّ"

അല്ലാഹു വിന്റെ റസൂൽ صلى الله عليه وسلم പറയുന്നു: "നിശ്ചയമായും അല്ലാഹു നിങ്ങളുടെ വിഭവങ്ങൾ നിങ്ങൾക്കിടയിൽ ഭാഗിച്ചു തന്നതു പോലെ, നിങ്ങളുടെ സ്വഭാവഗുണങ്ങളും നിങ്ങൾക്കിടയിൽ ഭാഗിച്ചു-തന്നിരിക്കുന്നു. നിശ്ചയമായും അല്ലാഹു അവന് ഇഷ്ടമുള്ളവർക്കും ഇഷ്ടമില്ലാത്തവർക്കും ദുനിയാവ് നൽകുന്നു, അവൻ ഇഷ്ടപ്പെടുന്ന-വനല്ലാതെ ഈമാൻ നൽകില്ല."

وقال ﷺ: "خِيَارُ عِبَادِ اللهِ عِنْدَ اللهِ يَوْمَ الْقِيَامَةِ الْمُوفُونَ الْمُطِيبُونَ."

അവിടുന്ന് صلى الله عليه وسلم പറയുന്നു: "അല്ലാഹുവിന്റെയടുക്കൽ അന്ത്യനാ-ളിൽ ഏറ്റവും നല്ലവരായ അവന്റെ അടിയന്മാർ കുറുപുലർത്തുന്നവരും സ്വഭാവ വൈശിഷ്ട്യമുള്ളവരുമാണ്."

والوفي طاهر النفس نقي:

കുറുകാണിക്കുന്നവൻ ശുദ്ധമനസ്കനും തെളിമയാർന്നവനുമായിരിക്കും.

وللوفاءِ مني عهدٌ لا ينالهُ
خلافٌ ولا يقضي عليه نزاعُ

കൂറിന്ന് എന്നിൽ നിന്നൊരു കരാറുണ്ട്,
യൊതാരു ഭിന്നതയും അതിന് പോറലേൽപ്പിക്കില്ലെന്നും,
തർക്കങ്ങളൊന്നും അതിനെ തകർത്തുകളയില്ലെന്നും.

ويُعرف الوفي الكريم من فعله لا قوله :

ഉദാരനും കൂറുപുലർത്തുന്നവനുമായവനെ തിരിച്ചറിയുക അവന്റെ വാക്കി-
ലൂടെയല്ല, പ്രവൃത്തിയിലൂടെയാണ്.

إن غرّك القول فانظر فعل قائلهِ
فالفعلُ يجلو الذي بالزيفِ يستترُ

വാക്കു നിന്നെ വഞ്ചിച്ചുവെങ്കിൽ,
വക്താവിന്റെ പ്രവൃത്തിയിലേക്ക് നോക്കുവീൻ,
വ്യാജം കൊണ്ട് മറച്ചുപിടിച്ചതൊക്കെയും
പ്രവൃത്തി വെളിവാക്കിത്തരും.

قال رسول الله ﷺ:
"إن الله لا ينظر إلى صوركم وأموالكم، ولكن ينظر إلى قلوبكم وأعمالكم."

അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: "നിശ്ചയമായും അല്ലാഹു നിങ്ങളുടെ രൂപങ്ങളിലേക്കോ സമ്പത്തിലേക്കോ അല്ല നോക്കു-

ന്നത്, മറിച്ച് നിങ്ങളുടെ ഹൃദയങ്ങളിലേക്കും പ്രവൃത്തികളിലേക്കുമത്രെ അവൻ നോക്കുന്നത്."

وصلى الله وسلم وبارك على نبينا محمد وعلى آله وصحبه أجمعين،
والحمد لله رب العالمين.

— **ശൈഖ് മുഹമ്മദ് ഉസ്മാൻ അൻജരി** حفظه الله

മൊഴിമാറ്റം: അബൂ തൈമിയ്യ ഹനീഫ് ബാവ حفظه الله

16 റബീഉൽ അവ്വൽ 1446 / 19 സെപ്റ്റംബർ 2024

. . . . .

ഖുർആനും സുന്നത്തും സലഫുകളുടെ മൻഹജ് അനുസരിച്ചു മനസ്സിലാക്കുവാനും പഠിക്കുവാനും ഉതകുന്ന ഗ്രന്ഥങ്ങളും കുറിപ്പുള്ള ലേഖനങ്ങളും

www.islambooks.in

ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും വായിക്കുന്നവർക്കുള്ള ഒരു മാർഗ്ഗരേഖ

www.quranvivaranam.com

ഖുർആനും സുന്നത്തും സച്ചരിതരായ പൂർവികർ മനസ്സിലാക്കിയ പോലെ അതിന്റെ ഏറ്റവും പരിശുദ്ധവും വ്യക്തവുമായ രൂപത്തിൽ പഠിക്കാൻ

www.ilmussalaf.com